# അക്കാദമിക മാസ്റ്റർ പ്ലാൻ

ജി.എൽ.പി.എസ്.

ചേറ്റുകുണ്ട് കടപ്പുറം.

2025 - 26

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കേരളത്തിലെ പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറുകയാണ്. ഇതിന്റെ തുടർച്ചയെന്നോണം വിവിധങ്ങളായ പ്രവർത്തനങ്ങൾ സ്കൂളുകളിൽ നടന്നു വരികയാണ്. പഠനപ്രവർത്തനങ്ങൾ കൂടുതൽ ആസ്വാദ്യമാക്കുക, സ്വയം വിലയിരുത്തൽ, പരസ്പര വിലയിരുത്തൽ, വിദ്യാലയത്തെ വിലയിരുത്തൽ, പഠനപ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കൽ തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾക്കൊള്ളുന്നു. എല്ലാ വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ സർഗാത്മകമായ കഴിവുകൾ വികസിപ്പിക്കുന്നതിനുതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഇതിൽ ഉൾക്കൊള്ളുന്നു.

# ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളെയും ആകർഷിക്കത്തക്ക വിധമുള്ള പഠനാന്തരീക്ഷം ഒരുക്കുക.
- സ്കൂൾ സാഹചര്യത്തിൽ എല്ലാ വിഭവങ്ങളും കുട്ടികളുടെ അക്കാദമിക നിലവാരം ഉയർച്ചയ്ക്കായി പൂർണമായും ഉപയോഗപ്പെടുത്തുക.
- മതനിരപേക്ഷ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് എല്ലാവർക്കും സൗജന്യ വിദ്യാഭ്യാസം ഉറപ്പുവരുത്തുക
- അക്കാദമിക മികവിന് ഉതകും വിധം പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.
- ഒന്നു മുതൽ നാലു വരെ ക്ലാസ്സുകളിലെ വിജയാടിസ്ഥാനത്തിലും പാഠ്യപദ്ധതികൾക്കനുസരിച്ച് ശേഷികൾ സ്ഥാപിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുക.
- അധ്യാപനവും അധ്യയനവും സർഗാത്മകമാകുന്നതിന് പര്യാപ്തമായ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.
- വിദ്യാർത്ഥികൾക്ക് കലാകായിക പ്രവർത്തിപരിചയ പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.

- പഠനനിലവാരം കൃത്യമായി വിലയിരുത്തുന്നതിനായി നിരന്തര വിലയിരുത്തലിന് പുറമേ യൂണിറ്റ് ടെസ്റ്റ് പ്രതിമാസ പരീക്ഷകൾ എന്നിവ നടത്തി വിശകലനം ചെയ്യുന്നു.
- എല്ലാ മാസവും ക്ലാസ്സ് പിടിഎ നടത്തുകയും പ്രശ്നങ്ങൾ കണ്ടെത്തി പരിഹാര പ്രവർത്തനങ്ങൾ നടത്തുകയും പിന്തുണ പ്രവർത്തനങ്ങൾ നൽകേണ്ടത് എങ്ങനെ എന്ന് രക്ഷിതാക്കളെ ബോധവൽക്കരിക്കുകയും ചെയ്യുന്നു.
- ഗണിത പഠനം ഉല്ലാസപ്രദവും കൗതുകകരവുമാക്കി മുഴുവൻ കുട്ടികൾക്കും ഗണിതശേഷികൾ ഉറപ്പാക്കുക.
- മുഴുവൻ കുട്ടികളേയും മികച്ച പ്രശ്നപരിഹരണ ശേഷിയുള്ളവരാക്കി മാറ്റുക.
- കലാ കായിക പ്രവർത്തി പഠനാശയങ്ങൾ മറ്റു വിഷയങ്ങളുമായി ഉൾച്ചേർത്തുകൊണ്ട് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിലൂടെ മുഴുവൻ കുട്ടികളെയും ഭാഷയിലെയും ഗണിതത്തിലെയും പരിസരപഠനത്തിലെയും പഠനനേട്ടങ്ങൾ പൂർണമായും കാര്യക്ഷമമായും നേടിയവരാക്കുക.
- മലയാളത്തിലും ഇംഗ്ലീഷിലും മുഴുവൻ കുട്ടികൾക്കും ആശയഗ്രഹണത്തോടെ വായിക്കാനും എഴുതാനും കഴിവുണ്ടാക്കുക.

# വിഷയ മേഖല - ഭാഷ

ഭാഷാ പഠനത്തിൽ നമ്മുടെ കുട്ടികൾ-ക്കുണ്ടാവുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു പാഠ്യപദ്ധതിയിലൂടെ നേടേണ്ട ശേഷികൾ എല്ലാ കുട്ടികളിലേക്കും എത്തിക്കുന്നതിനു വേണ്ടി-യുള്ള പദ്ധതി.

## ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരു-ടെ സഹായമില്ലാതെ ലഘു വാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവു നേടുന്നുവെന്ന് ഉറപ്പു വരുത്തുക.
- സംഘപ്രവർത്തനങ്ങളിൽ ഏർപ്പെട്ട് ജനാധിപത്യ മൂല്യങ്ങൾ സ്വാംശീകരിച്ചും അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കാൻ പ്രാപ്തരാക്കുക.
- കവിതകൾ /പാട്ടുകൾ ആശയ വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കുക.
- രചനകൾ ഭാവാത്മകമായി വായിക്കാൻ കഴിവുള്ളവരാക്കുക.
- ആനുകാലിക വിഷയങ്ങളിൽ അറിവു നേടാൻ പ്രാപ്തരാക്കുക.

- ലഘുവായ സർഗാത്മക രചനകൾ നടത്തുക. [കഥ, കവിത, ഡയറി, സംയുക്ത ഡയറി, ചിത്രങ്ങൾ, സർഗാത്മകഡയറി]
- കഥകളെയും കവിതകളെയും മറ്റും നാടകം, പാവനാടകം, ചിത്രീകരണം, റീഡേഴ്സ് തിയേറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്കരിക്കുക.
- കുട്ടികൾ വായനയിൽ നേടിയ കഴിവുകൾ പൊതു സമൂഹവുമായി പങ്കിടാൻ പ്രാപ്തരാക്കുക.
- വായിച്ച പുസ്തകങ്ങളുടെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ. വളരുന്ന വായനമരത്തിൽ പ്രദർശിപ്പിക്കൽ.
- അമ്മ ക്വിസ് – MPTAയുടെ നേതൃത്വത്തിൽ ക്വിസ് മത്സരം. ആനുകാലിക സംഭവങ്ങളിൽ അറിവ് നേടുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക. | • അധ്യാപികയുടെ ഭാവാത്മക വായന<br>• കേട്ട കഥകളിലെ ആശയം പങ്കിടൽ<br>• ക്ലാസ്സ് ലൈബ്രറി<br>• ചിത്ര വായന<br>• അമ്മ വായന<br>• വായനക്കൂട്ടം<br>• ചങ്ങല വായന<br>• ICT സഹായത്തോടെ കഥകൾ കാണാനും കേൾക്കാനും അവസരം<br>• ബാലസഭ<br>• വളരുന്ന വായനമരം പൂർത്തിയാക്കൽ | ജൂൺ-മാർച്ച് |
| എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുന്നു. | • സചിത്ര ബുക്ക്<br>• സംയുക്ത ഡയറി<br>• ഡയറി<br>• സർഗാത്മക ഡയറി<br>• കുഞ്ഞു പുസ്തകം<br>• രചനാമത്സരങ്ങൾ. | ജൂൺ-മാർച്ച് |

| | | |
|---|---|---|
| കവിതകൾ/പാട്ടുകൾ ആശയ വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കുന്നു. | • വിവിധ സങ്കേതങ്ങളുപയോഗിച്ച് പാട്ടുകൾ കേൾക്കാനവസരം<br>• വായ്ത്താരികൾ, ചോദ്യോത്തരപ്പാട്ട്, പൂരിപ്പിച്ച് പാടാവുന്ന പാട്ടുകൾ<br>• പാട്ടരങ്ങ്<br>• കാവ്യാവിഷ്കാരം<br>• ദൃശ്യാവിഷ്കാരം.<br>• കാവ്യോത്സവം. | ജൂലൈ-മാർച്ച് |
| ലഘുവായ സർഗാത്മക രചനകൾ നടത്തുക | • ക്ലാസ് ലൈബ്രറി പ്രയോജനപ്പെടുത്തി പരമാവധി വായനാ അവസരങ്ങൾ<br>• രചനാശില്പശാല<br>• സർഗാത്മക ഡയറി<br>• | ആഗസ്റ്റ് - മാർച്ച് |
| കുട്ടികൾ വായനയിൽ നേടിയ കഴിവുകൾ പൊതുസമൂഹവുമായി പങ്കിടാൻ പ്രാപ്തരാക്കുക. | • CPTA, അസംബ്ലി,<br>• പഠനോത്സവം, വാർഷികം<br>• അമ്മക്വിസ് - രക്ഷിതാക്കളുടെ നേതൃത്വത്തിൽ ക്വിസ് നടത്തൽ | ജൂലൈ-മാർച്ച് |

# Subject - English.

## Objectives

- To develop English atmosphere in classroom/ school.
- All students should be able to converse fluently in English.
- All students are expected to read and write well in English.
- To develop students ability to read understand and appreciate a story/poem by themselves

| Name | Description | Duration |
|---|---|---|
| Know your English | • Pre test to find out the improvement and limitation of children. | June |
| Remedial teaching | • Word cards<br>• Sentence cards<br>• Reading cards<br>• Picture description<br>• Develop story from pictures<br>• Develop stories from a given beginning. | June, July. |

| | | |
|---|---|---|
| English Assembly | • conduct an English assembly<br>• Thought of the day, prayer, pledge | August to March. |
| Read and Lead | • News reading.<br>• Learning with the help of ICT<br>• Select books from library in accordance to the pupil's level.<br>• Peer group reading. | July to March |
| Write and Grow | • Diary writing<br>• Introduce puzzles<br>• Description<br>• Story book | June to March |
| English Theatre | • Presentation of selected cartoons, poems<br>• Videos related different learning activities.<br>• E - Reading. | June to March |
| Spoken English | • Teacher talk<br>• English time<br>• Spoken English classes. | June to March |

# പരിസര പഠനം

## ലക്ഷ്യങ്ങൾ

- കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക.
- നിരന്തരമായ അന്വേഷണം നടത്തുക.
- ലഭിച്ച വിവരം വിശകലനം ചെയ്ത് നിഗമനത്തിലെത്തിച്ചേരുക.
- പ്രകൃതിസംരക്ഷണ മനോഭാവം വളർത്തിയെടുക്കുക.
- പ്രകൃതിയിലെ പരസ്പരാശ്രയത്വം തിരിച്ചറിയുക.
- വ്യക്തിശുചിത്വവും സാമൂഹികശുചിത്വവും പാലിച്ചുകൊണ്ട് ശാരീരിക മാനസിക സാമൂഹിക ആരോഗ്യം കൈവരിക്കാൻ സഹായിക്കുക.
- ദൈനംദിന ജീവിതവുമായി പഠനത്തെ ബന്ധപ്പെടുത്തുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക. | • ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം.<br>• പ്രകൃതി നടത്തം<br>• ജൈവവൈവിധ്യ പൂന്തോട്ട പരിപാലനം.<br>• പച്ചക്കറി പരിപാലനം | ജൂൺ മുതൽ സെപ്തംബർ വരെ. |

| | | |
|---|---|---|
| | • ജീവികളെ തരംതിരിക്കൽ<br>• പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടൽ<br>• നട്ട തൈ പരിപാലിക്കൽ<br>• കുറിപ്പ് എഴുതൽ<br>• സസ്യങ്ങളുടെ പേര് പട്ടികപ്പെടുത്തൽ<br>• ജീവികളുടെ പരസ്പരാശ്രയത്വം ചർച്ച<br>• പ്രകൃതി സംരക്ഷണ പോസ്റ്റർ. | |
| വ്യക്തിശുചിത്വവും പരിസര ശുചിത്വവും. | • പ്രഭാതകൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന് ബോധ്യപ്പെടുത്തുന്നു<br>• ശുചിത്വചാർട്ട്, മാർക്കിടൽ.<br>• വ്യക്തിശുചിത്വം, ക്ലാസ്സ്റൂം ശുചിത്വം പരിസരശുചിത്വം<br>• നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നങ്ങൾ ചർച്ച<br>• പോസ്റ്ററുകൾ തയ്യാറാക്കാം | ജൂൺ മുതൽ മാർച്ച് വരെ |
| ശാസ്ത്രവിഷയങ്ങളിൽ അഭിരുചിയും താൽപര്യവും വളർത്തുക | • ശാസ്ത്രകൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു<br>• വിവിധ നിരീക്ഷണങ്ങൾക്കുള്ള അവസരം.<br>• ശാസ്ത്രീയമായ കാഴ്ചപ്പാട് രൂപീകരണം | സെപ്തംബർ മുതൽ മാർച്ച് വരെ |

# ഗണിതം

## ലക്ഷ്യങ്ങൾ

- ഓരോ ക്ലാസിലെയും നിർദിഷ്ട പഠനനേട്ടങ്ങൾ നേടാൻ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നു.
- സംഖ്യാബോധം ചതുഷ്ക്രിയകൾ എന്നീ അടിസ്ഥാന പഠനനേട്ടങ്ങൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പഠനസാമഗ്രികൾ ഉപയോഗിച്ച് ചെയ്യുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| സംഖ്യാബോധം ഒരക്ക രണ്ടക്ക മൂന്നക്ക നാലക്ക സംഖ്യകൾ എണ്ണി എഴുതുന്നു. | • പ്രോഗ് ഗണിത പ്രവർത്തനങ്ങൾ<br>• സംഖ്യ കാർഡുകൾ മൂർത്ത വസ്തുക്കൾ തുടങ്ങിയവ ഉപയോഗിച്ചുള്ള വിവിധ പ്രവർത്തനങ്ങൾ<br>• സംഖ്യകൾ എഴുതി നറുക്ക് കുട്ടികൾക്ക് നൽകുന്നു.<br>• കിട്ടിയ സംഖ്യ വായിക്കുന്നു<br>• ആരോഹണ അവരോഹണ ക്രമത്തിൽ എഴുതുന്നു. | ജൂൺ - മാർച്ച് |

| | | |
|---|---|---|
| | • സംഖ്യാപാറ്റേൺ പൂർത്തിയാക്കൽ<br>• കളിനോട്ട് ഉപയോഗിച്ച് കൂട്ടങ്ങൾ ആക്കൽ<br>• സംഖ്യയെ വ്യത്യസ്തരീതിയിൽ വ്യാഖ്യാനിക്കുന്നു. | |
| പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ | • മനക്കണക്കിന്റെ സാധ്യത<br>• ക്ലാസിലെ സാധനങ്ങൾ ഉൾപ്പെടുത്തി കട ക്രമീകരിക്കൽ<br>• അളവുപാത്രങ്ങൾ, ത്രാസ് ഇവ ക്രമീകരിക്കൽ<br>• കളിനോട്ട് ഉപയോഗപ്പെടുത്തി കച്ചവടക്കളി ഒരുക്കുന്നു.<br>• കുട്ടികൾ തന്നെ കച്ചവടക്കാരനും വാങ്ങുന്നവനും ആകുന്നു.<br>• പണം കൈകാര്യം ചെയ്യുന്നു.<br>• ഗ്രൂപ്പ് ചർച്ച<br>• പ്രശ്നപരിഹാരണം | ആഗസ്റ്റ്-മാർച്ച് |
| ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു. | • സംഖ്യാചക്രം കറക്കി രണ്ടു സംഖ്യകൾ തിരഞ്ഞെടുക്കുന്നു. | |

| | | |
|---|---|---|
| | • അവ തമ്മിലുള്ള സങ്കലനം, വ്യവകലനം, ഗുണനം, ഹരണം<br>• കളികളിലൂടെ ക്രിയകളിൽ ഏർപ്പെടുന്നു.<br>• വിവിധ ക്രിയകൾ അടങ്ങിയ ചാർട്ട് പ്രദർശിപ്പിക്കുന്നു. ക്രിയകളുടെ ഉത്തരം കണ്ടെത്തുന്നു. | ജൂൺ-മാർച്ച് |

# ആരോഗ്യ കായിക കലാ പ്രവർത്തി പരിചയം - ലക്ഷ്യങ്ങൾ

## ലക്ഷ്യങ്ങൾ

- മുഴുവൻ കുട്ടികൾക്കും ആരോഗ്യകായികക്ഷമത ഉറപ്പാക്കൽ
- കലാ-കായിക പ്രവർത്തി പഠനാശയങ്ങൾ മറ്റ് വിഷയങ്ങളുമായി ഉൾച്ചേർത്തുകൊണ്ടുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| • മുഴുവൻ കുട്ടികൾക്കും ആരോഗ്യ കായിക ക്ഷമത ഉറപ്പാക്കൽ | • ~~ല~~ ലഘുവ്യായാമങ്ങൾ<br>• സ്കേറ്റിംഗ്, എയ്റോബിക്സ്, നടത്തം.<br>• കൃഷി, പൂന്തോട്ടനിർമ്മാണം<br>• കരാട്ടേ പരിശീലനം.<br>• യോഗാ ക്ലാസ്സുകൾ | ജൂൺ മുതൽ മാർച്ച് വരെ. |
| • കലാ-കായിക പ്രവർത്തി പഠനാശയങ്ങൾ മറ്റ് വിഷയങ്ങളുമായി ഉൾച്ചേർത്തുകൊണ്ടുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു | • ചിത്രരചന<br>• നിർമാണപ്രവർത്തനങ്ങൾ<br>• Vegetable printing.<br>• പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട അഭിനയ പ്രവർത്തനങ്ങൾ. | ജൂൺ മുതൽ മാർച്ച് വരെ. |